**കണ്ണൂർ സർവ്വകലാശാല**

**ഡി പി ഇ**

---

നമ്പർ. Dപി ഇ/A3/149/Gr.Mark/2021 Kannurതീയതി: 27.10.2021

**<u>സർക്കുലർ</u>**

വിഷയം:- 2020 - 21 വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 20/10/2021 - തിയ്യതിയിലെ കായിക വിദ്യാഭ്യാസ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറുടെ കുറിപ്പ്.

2020 - 21 അദ്ധ്യയന വർഷത്തെ സ്പോർട്സ് ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതിനായി ഒന്നാം വർഷ / രണ്ടാം വർഷ ബിരുദ / ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ അപേക്ഷകൾ, ഹാൾ ടിക്കറ്റ്, മറ്റ് സംസ്ഥാന / ദേശീയ മത്സരങ്ങളിൽ പങ്കെടുത്തവർ മെറിറ്റ് സർട്ടിഫിക്കറ്റിൻറെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അതതു പ്രിൻസിപ്പലിന്റെ ആമുഖ കത്തോടുകൂടി ***ഡയറക്ടർ, ഡിപ്പാർട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കണ്ണൂർ സർവകലാശാല ക്യാംപസ്, പി.ഒ മാങ്ങാട്ടുപറമ്പ, കണ്ണൂർ - 670 567*** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ എത്തിക്കേണ്ടതാണ് കൂടാതെ വേർഡ് ഫോർമാറ്റിൽ (MS Word) തയ്യാറാക്കിയ അപേക്ഷയുടെ പകർപ്പ് dpe@kannuruniv.ac.in എന്ന ഇമെയിൽ വിലാസത്തിലേക്കും അയക്കേണ്ടതാണ്.

പ്രൊഫോർമ www.kannuruniversitydpe.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കായിക മത്സരത്തിൽ പങ്കെടുത്തവർ അവർക്ക് അർഹതപ്പെട്ട കൂടിയ ഗ്രേസ് മാർക്കിന് വേണ്ടി മാത്രമേ അപേക്ഷിക്കാവൂ. അപേക്ഷകൾ നിർബന്ധമായും **നവംബർ 5** ന് വൈകിട്ട് 4 മണിക്ക് മുൻപായി മാങ്ങാട്ട്പറമ്പ ക്യാംപസിൽ നേരിട്ടോ തപാൽ വഴിയോ എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകളും, ഭാഗികമായി ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഒപ്പ് /-

**റഹീന കെ വി**

അസിസ്റ്റന്റ് രജിസ്ട്രാർ ( ഡി പി ഈ )

സ്വീകർത്താവ്:

1. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും/സർവ്വകലാശാലാ വകുപ്പ് തലവന്മാർക്കും
2. കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ